പോലീസ് ചാർജ്ജുചെയ്തിട്ടുള്ള കേസ്സുകൾ.

* 1563. [24] ശ്രീ. എം സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ (1959–60) കേരള സംസ്ഥാനത്തിൽ പോലീസ് ആകെ എത്ര കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ട് ;

(ബി) ഏറ്റവും കൂടുതൽ കേസുകൾ ചാർജ്ജുചെയ്തിട്ടുള്ള പോലീസ് സ്റ്റേഷൻ ഏതാണ് ;

(സി) തിരുവനന്തപുരം താലൂക്കിൽ കാലടിയിൽ നടന്ന കൂടിയിറക്കിനോടനുബന്ധിച്ച് ചില പോലീസ് ഏതെങ്കിലും കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചെടുത്ത നടപടിയുടെ വിശദവിവരങ്ങളെന്തെല്ലാം ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

വിവരം ശേഖരിച്ചുകഴിഞ്ഞിട്ടില്ല.

Expenditure for the Andhra Rice Deal Inquiry Commission.

* 1564. [26] **Shri K. C. Abraham :** Will the Minister for Law be pleased to state :

(a) what is the total expenditure incurred by the State for the Andhra Rice Deal Inquiry Commission ;

(b) what was the fee paid to the Advocate General for his services in the matter ;

(c) how much were the other lawyers engaged by State paid ; and

(d) was the Advocate of the 'A' party paid any fee by the State ; if so, how much ; if he was not paid, why ?

Minister for Food **(Shri K. C. George) :**

(a) Details are being collected for arriving at the total expenditure incurred in connection with the Andhra Rice Deal Inquiry.

(b & c) The payment of fees to the Advocate General and to the Lawyers engaged by the State in connection with the Inquiry is under consideration of the Government.

(d) The Advocate for the 'A' party was not engaged by the Government. Hence no fee is due to him from Government. Nothing has been paid to him also.

ശ്രീ. കെ. സി. ഏബ്രഹാം : സർക്കാരിന്റെ ഈ എൻക്വയറിയെ 'എ' പാർട്ടി സഹായിക്കുകയും, സത്യം കണ്ടുപിടിക്കുവാൻ ശ്രമിക്കുകയും ചെയ്തതിലേയ്ക്കു 'എ' പാർട്ടിയുടെ അഡ്വക്കേറ്റിനു ഫീസു കൊടുക്കേണ്ട മുതല സർക്കാരിനില്ലേ ?

ശ്രീ. കെ. സി. ജോർജ്ജ് : 'എ' പാർട്ടി അഡ്വക്കേറ്റിനെ സർക്കാർ എൻഗേജ് ചെയ്തതല്ല. അതുകൊണ്ട് ആ അഡ്വക്കേറ്റിനു ഫീസു കൊടുക്കേണ്ട മുതല സർക്കാരിനില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : 'എ' പാർട്ടിയുടെ അഡ്വക്കേറ്റ് ഈ എൻകുയറിയിൽ കമ്മീഷനെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നും കമ്മീഷൻ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്ന നിലയ്ക്കും അ അഡ്വക്കേറ്റിനു പ്രതിഫലം കൊടുക്കുവാനുള്ള ഒരു ധാർമ്മികമായ ചുമതല ഗവണ്മെൻറിനില്ലയോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ നോക്കിയാൽ, എല്ലാ ക്രിമിനൽ കേസ്സ്കളിലേയും വാദിഭാഗത്തേയും പ്രതിഭാഗത്തേയും വക്കീലന്മാർക്കു ഗവണ്മെൻറ് പ്രതിഫലം കൊടുക്കേണ്ടതായിവരും.

ശ്രീ. സി. എ. മാത്യു : എല്ലാ ക്രിമിനൽ കേസുപോലെയല്ല, ഒരു എൻകുയറി കമ്മീഷൻ മുമ്പാകെ വരുന്ന കേസ്സ് എന്നും അതുകൊണ്ടു ഇത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറിനു എൻകുയറിയെ സംബന്ധിച്ചുള്ള എല്ലാ ചെലവും വഹിക്കേണ്ടതായി വരുമെന്നും അറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഒരു എൻകുയറി കേസിനും 'എ' പാർട്ടിക്കുള്ള വക്കീൽഫീസ് ഗവണ്മെൻറ് ഒരിക്കലും കൊടുക്കാറില്ല.

ശ്രീ. സി. എ. മാത്യു : ഒരു എൻകുയറി കേസ്സ് വരുമ്പോൾ, അഡ്വക്കേറ്റ് ജനറലിനെ 'എ' പാർട്ടിക്കു ഗവണ്മെൻറ് വിട്ടുകൊടുക്കുകയല്ലേ പതിവു് ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ ചിലപ്പോൾ വിട്ടുകൊടുക്കാറുണ്ടു് എന്നതു് 'എ' പാർട്ടിയുടെ വക്കീൽഫീസു കൊടുക്കുവാനുള്ള ഒരു ന്യായമായിട്ടു ഗവണ്മെൻറ് കണക്കാക്കുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സാധാരണ നിലയിൽ ഏതെങ്കിലും ഒരു കേസ്സിനു ആരെങ്കിലും ഒരു വക്കീലിനെ നിയോഗിച്ചാൽ ഫീസുകൊടുക്കേണ്ടതു് നിയോഗിച്ചയാളല്ലേ ? മി. ടി. ഒ. ബാവാതനിക്കു ഫീസു തന്നിട്ടില്ലെന്നു അദ്ദേഹത്തിൻറെ വക്കീൽ ഗവണ്മെൻറിൻറെയടുക്കൽ കംപ്ലെയിൻറ് ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെയുള്ള കംപ്ലെയിൻറ് ഒന്നും കിട്ടിയിട്ടില്ല. 'എ' പാർട്ടി വക്കീലിനെ ഈ ഗവണ്മെൻറ് നിയോഗിച്ചിട്ടില്ല. അതുകൊണ്ടു് ഈ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : ക്രിമിനൽ കേസ്സുപോലെയാണോ ഒരു എൻകുയറി കമ്മിഷൻറെ മുമ്പാകെയുള്ള കേസ്സിനെയും കരുതേണ്ടതു് ?

ശ്രീ. കെ. സി. ജോർജ്ജ് : എന്നല്ല ഞാൻ പറഞ്ഞതു്. ഒരു എൻകുയറി സംബന്ധിച്ചുള്ള കേസ്സിൽ 'എ' പാർട്ടിയുടെ വക്കീലിനു ഫീസുകൊടുക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടായാൽ അതേ ന്യായംവച്ചുകൊണ്ടു് ക്രിമിനൽ കേസ്സിലെ വക്കീലന്മാർക്കും ഫീസുകൊടുക്കേണ്ടിവരുമെന്നാണു്.

ശ്രീ. പി. ടി. ചാക്കോ : ഒരു എൻകുയറി കേസ്സിൽ കക്ഷികളായിട്ടാരുംതന്നെയില്ലെന്നും, എന്നാൽ ക്രിമിനൽകേസിൽ കക്ഷികളുണ്ടെന്നും അറിയാമോ ? എല്ലാവരുംകൂടി സഹകരിച്ചു് സത്യം കണ്ടുപിടിക്കുന്നതിനായുള്ള ഒരു ശ്രമമാണു് എൻകുയറികേസ്സിൽ നടത്തുന്നതെന്നറിയാമോ ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെയൊരു തത്വമുണ്ടെന്നറിയാം.

ശ്രീ. പി. ടി. ചാക്കോ : ആ കാരണത്താൽ അഡ്വക്കേറ്റ് ജനറലിനെ 'എ' പാർട്ടിയെ സഹായിക്കുവാനായി നിയോഗിക്കാതിരുന്നതിനുള്ള കാരണമെന്താണു് ?

ശ്രീ. കെ. സി. ജോർജ്ജ് : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം. കാരണം, അതിൻറെ മുമ്പിൽ ഒരു ചരിത്രമുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അഡ്വക്കേറ്റ് ജനറലിനെ നിയോഗിക്കാതെ എൻകുയറികൾ നടക്കുന്നില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 'എ' പാർട്ടിക്ക് ഒരു വലിയ പണക്കിഴി കിട്ടിയനിലയ്ക്ക് 'എ' പാർട്ടിയുടെ വക്കീൽഫീസ് ഗവണ്മെൻറ് കൊടുക്കേണ്ട കാര്യമുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : പണക്കിഴി കിട്ടിയകാര്യമൊന്നും ഗവണ്മെൻറിനറിവില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഫോളിഡോൾപായിസൺ എൻ കേയറിക്ക് 'എ' പാർട്ടിയുടെ വക്കീലിനു ഫീസുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : എനിക്കറിഞ്ഞുകൂടാ.

ഗിരിവർഗ്ഗക്കാർക്കു കെട്ടിയിട്ടുള്ള പ്രത്യേക സ്കൂളുകൾ.

*1565. [27] ശ്രീ. മധുര : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനായി സംസ്ഥാനത്തു പ്രത്യേക സ്കൂളുകൾ കെട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(സി) അതിൽ പഠിക്കുന്ന കുട്ടികൾ ആകെ എത്ര ?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) എൺപത്തു സ്കൂളുകൾ. ഈ സ്കൂളുകൾ എവിടെയെല്ലാം സ്ഥാപിച്ചിരിക്കുന്നു എന്നതിൻറെ വിവരം കാണിക്കുന്ന ഒരു പട്ടിക † മേശപ്പുറത്തു് വച്ചിട്ടുണ്ടു് ;

(സി) ഏകദേശം 5300 കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : ഈ സ്കൂളുകൾക്കു് കേന്ദ്രഗവണ്മെൻറിൻറെ സഹായമുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : കേന്ദ്ര ഗവണ്മെൻറ് നൽകുന്ന സഹായം ഈ സ്കൂളുകൾക്കുമാത്രമായിട്ടുള്ളതല്ല. ഗിരിവർഗ്ഗക്കാരുടെ സ്കൂളുകൾക്കും ഹരിജനങ്ങൾക്കുള്ള സ്കൂളുകൾക്കും സെൻട്രലി സ്പോൺസേർഡ് സ്കീമിൽപെട്ടതാണെങ്കിൽ 100 ശതമാനവും ഗ്രാൻറ് ഇൻ എയിഡ് സ്കീമിലോതാണെങ്കിൽ 50 ശതമാനവും സഹായം കേന്ദ്രത്തിൽ നിന്നും കിട്ടും.

ശ്രീ. പി. ടി. ചാക്കോ : ഗിരിവർഗ്ഗക്കാരുടെ സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതാരാണു് ?

ശ്രീ. പി. കെ. ചാത്തൻ : ഇതുവരെ നിയമിച്ചിരുന്നതു് ഡിപ്പാർട്ടുമെൻറ് തന്നെയാണു്. അവരുടെ ചെലവു് കണ്ടിജൻസിയിൽ നിന്നായിരുന്നു വഹിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അതു് സാധാരണ നിലയിലാക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. അതുകൊണ്ടു് മേലാലുള്ള നിയമനങ്ങൾ പി. എസ്. സി. മുഖേനയായിരിക്കും.

ശ്രീ. പി. ടി. ചാക്കോ ; ഈ സ്കൂളുകളിൽ മറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാരായി ഇരിക്കുവാൻ യോഗ്യതയില്ലാത്ത എത്രപേരെ നിയമിച്ചിട്ടുണ്ടു് ?

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly